Santhigiri

ഉമ്മിണിതങ്കം

VOL 05 | ISSUE 06 | 2019 ഫെബ്രുവരി 10 | 1194 മകരം 27

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org / തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"പണം സമ്പാദിക്കാൻ മാത്രമുള്ളതല്ല ഒരു ജീവിതം. പണവും ശേഷിയും സമ്പത്തും മാത്രം വന്നതുകൊണ്ട് കാര്യമില്ല. അറിവില്ലാത്ത നിങ്ങൾക്ക് പണവും ശേഷിയും വരുമ്പാൾ അഹങ്കാരവും ധിക്കാരവും വിനയക്കുറവും വന്നിട്ട് എന്തു ഭ്രാന്തത്തരവും കാട്ടിക്കൂട്ടുന്ന കർമ്മത്തിലേക്ക് എടുത്തുചാടും."

# പൂജിതപീഠം സമർപ്പണം കൂട്ടായ്മയുടെ വിളംബരമായി സത്സംഗങ്ങൾ



*ശാന്തിപുരം യൂണിറ്റിൽ നടന്ന സത്സംഗത്തിൽ നിന്ന്*

**സ്പിരിച്വൽസോൺ:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്ന സത്സംഗങ്ങൾ ആത്മബന്ധുക്കളുടെ കൂട്ടായ്മയുടെ വിളംബരസമ്മേളനങ്ങളാകുന്നു. സത്സംഗങ്ങളുടെ മുന്നോടിയായി ദിവസങ്ങൾക്കുമുമ്പേ അതത് യൂണിറ്റിലെ പ്രവർത്തകർ ഒത്തുചേർന്ന് വിവിധ ഒരുക്കങ്ങൾക്കുള്ള തയാറെടുപ്പ് നടത്തുകയും സത്സംഗ ദിവസം ഒരാഘോഷം പോലെ ആ പ്രദേശത്തെ കുടുംബങ്ങളുടെ വലിയ കൂട്ടായ്മയായി മാറുകയും ചെയ്യുന്നു.

ഉച്ചയോടെ കഥാരചന, ചിത്രരചന, പ്രസംഗമത്സരം തുടങ്ങിയ മത്സരങ്ങൾ ആരംഭിക്കും. തുടർന്ന് യൂണിറ്റിലെ പ്രവർത്തകർ അണിയിച്ചൊരുക്കുന്ന കലാപരിപാടികൾ അരങ്ങേറും. 7 മണിയോടെ ഗുരുവാണി, സന്ന്യാസിമാരുടെ പ്രഭാഷണം, സ്മൃതിപഥത്തിലെ മധുരസ്മരണകൾ - അവതരണം എന്നിവ നടക്കും. പ്രസാദവിതരണത്തോടെയും രാത്രിഭക്ഷണത്തോടെയും സത്സംഗം അവസാനിക്കും.

ആനന്ദപുരം, ശാന്തിഗിരി ജംഗ്ഷൻ, പോത്തൻകോട്, ശാന്തിപുരം, കരുണപുരം യൂണിറ്റുകളിലെ സത്സംഗങ്ങളാണ് നടന്നുകഴിഞ്ഞത്. ഈയാഴ്ച രത്നഗിരി, ലക്ഷ്മിപുരം, പാലോട്ടുകോണം, ജനസേവികപുരം, ജ്യോതിപുരം യൂണിറ്റുകളിലെ സത്സംഗം നടക്കും. ഫെബ്രുവരി 12ന് രത്നഗിരിയിലെ സുരേഷ് വി.യുടെ ഭവനം 'ഗുരുദാനം' 13ന് ലക്ഷ്മിപുരത്ത് പ്രദീപ് കുമാർ ഡി.യുടെ ഭവനം 'ഗുരുകമലം' ഫെബ്രുവരി 14ന് പാലോട്ടുകോണത്ത് റ്റി.റാണിലേഖയുടെ ഭവനം 'കരുണദീപ്തം' 15ന് ജനസേവികപുരത്ത് മനീഷ്‌രാജുവിന്റെ ഭവനം 'നിർമ്മലം' 16ന് ജ്യോതിപുരത്ത് ഭാസ്കരൻ സി.പി.യുടെ ഭവനം 'ഗുരുദാനം' എന്നിവിടങ്ങളിലാണ് സത്സംഗം നടക്കുന്നത്. പൂജിതപീഠം സമർപ്പണത്തോടനുബന്ധിച്ചുള്ള അർദ്ധവാർഷിക കുംഭമേളക്കായി കുംഭം ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ഫെബ്രുവരി 13ന് ആരംഭിക്കും.

## പ്രതിഷ്ഠാവാർഷികം ഇന്ന്

**സ്പിരിച്വൽസോൺ:** പ്രാർത്ഥനാലയം പ്രതിഷ്ഠാവാർഷികം ഇന്ന് നടക്കും. 1989 ഫെബ്രുവരി 10നാണ് പ്രാർത്ഥനാലയത്തിൽ ഗുരു പ്രതിഷ്ഠ നടത്തിയത്. 'താമരയിൽ ഓംകാരം' ഇത് ജ്ഞാനത്തിന്റെ പരമമായ തലമാണ്. ഇങ്ങനെയൊരു പ്രതിഷ്ഠ ഭൂമിയിൽ ഇദംപ്രഥമമാണ്.

ലോകത്തിലെവിടെയുമുള്ള പ്രതിഷ്ഠകൾ നിവൃത്തി, വിദ്യ, ശാന്തി എന്നീ ശാസ്ത്രരീതികളിലെ സങ്കൽപങ്ങളിൽ അധിഷ്ഠിതമായിരിക്കുമ്പോൾ ശാന്തിഗിരിയിലെ പ്രതിഷ്ഠ ബ്രഹ്മസങ്കൽപ്പത്തിന്റെ ശാദ്വലങ്ങളെ പ്രാപിച്ചു നിൽക്കുന്ന പ്രാണപ്രതിഷ്ഠയാണ്. ഭൗതികദേഹത്തിരുന്നുകൊണ്ടു തന്നെ സ്വപ്രാണനെ പറിച്ചെടുത്ത് മനുഷ്യപരമ്പരക്ക് വേണ്ടി പ്രതിഷ്ഠിച്ച ഗുരുവിന്റെ നിസ്തുല ത്യാഗത്തിന്റെ സുകൃതമാണ് ഈ പ്രതിഷ്ഠ. പ്രതിഷ്ഠാവാർഷികത്തോടനുബന്ധിച്ച് രാവിലെ മുതൽ പ്രത്യേക പ്രാർത്ഥനാസങ്കൽപ്പങ്ങളുണ്ടാകും.



*ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനായി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും സ്വാമി ജനനന്മ ജ്ഞാനതപസ്വിയും നേപ്പാൾ സന്ദർശിച്ചപ്പോൾ*

### പൂജിതപീഠം സമർപ്പണം സങ്കല്പം

എന്റെ കുടുംബത്തോടെയുള്ള ദോഷവശങ്ങളും എന്റെ കർമ്മഗതിയിൽപ്പെട്ട ദോഷവശങ്ങളും മാറ്റി എന്തു നന്മയാണോ കിട്ടേണ്ടത് കിട്ടണേ ഗുരുവേ അപ്പാ.

## നേപ്പാളിൽ ശാന്തിഗിരിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കമാകുന്നു

**കാഠ്മണ്ഡു:** നേപ്പാളിൽ ശാന്തിഗിരിയുടെ ആതുരസേവന രംഗങ്ങൾക്ക് തുടക്കമാകുന്നു. കാഠ്മണ്ഡുവിലെ റൈനോ ഗ്രൂപ്പ് ഓഫ് കമ്പനീസുമായി ചേർന്നാണ് പ്രവർത്തനം അവിടെ ആരംഭിക്കുന്നത്. പ്രാരംഭചർച്ചകൾക്കായി ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയും ഇന്റർനാഷണൽ ഓപ്പറേഷൻസ് ഇൻചാർജ് സ്വാമി ജനനന്മ ജ്ഞാനതപസ്വിയും നേപ്പാൾ സന്ദർശിച്ചു. നേപ്പാൾ ഗവൺമെന്റ് നൽകിയ സ്ഥലത്ത് റൈനോഗ്രൂപ്പ് ആരംഭിക്കുന്ന ആയുർവേദ ഹെറിറ്റേജുമായി സഹകരിക്കുന്നതിനെക്കുറിച്ചും ശാന്തിഗിരിയുടെ വിവിധ ഉത്പ്പന്നങ്ങളുടെ വിതരണം നടത്തുന്നതിനെക്കുറിച്ചും ചർച്ച നടന്നു. ബിജയ് ഗിമിരെ എം.പി., നേപ്പാൾ കമ്മ്യൂണിസ്റ്റ് പാർട്ടി ദേശീയ സമിതി അംഗം ദേവി ഗിവാലി, റൈനോ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ രാമചന്ദ്ര കണ്ടേൽ, ഗ്രാന്റ് ടൂർ ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാൻ ജോജി സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു.

## ദേശീയ ബഹിരാകാശശാസ്ത്ര മത്സരത്തിൽ ശാന്തിഗിരി വിദ്യാഭവന് മികച്ച വിജയം

**ഫ്ളോറിഡ:** അമേരിക്ക ആസ്ഥാനമാക്കി ആഗോള വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന Go4Guru.com ഓൺലൈൻ സ്ഥാപനം നടത്തിയ ദേശീയ ബഹിരാകാശശാസ്ത്ര ഉപന്യാസ മത്സരത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ മികച്ച വിജയം നേടി. നല്ലചിത്തൻ ജി., ശാന്തിദത്ത ബി., ശാന്തം യു., കമലം എം.വി., സൗപർണ്ണിക എച്ച്.എസ്., പ്രണവ് പ്രദീപ്, ശാന്തിപുഷ്പം യു., ആര്യ എസ്., മൈഥിലി ഡി.എസ്. എന്നിവർ കല്പന ചൗള അവാർഡ് നേടി. ആസ്ട്രോനട്ട് മെമ്മോറിയൽ ഫൗണ്ടേഷൻ, ഫ്ളോറിഡ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവയുമായി ചേർന്നാണ് മത്സരം നടത്തിയത്. മേയ് മാസം അമേരിക്കയിലെ നാസ കെന്നഡി സ്പെയ്സ് സെന്ററിൽ നടക്കുന്ന അന്താരാഷ്ട്ര ബഹിരാകാശശാസ്ത്ര കോൺഫറൻസിൽ പങ്കെടുക്കുന്നതിനും ഇവർ യോഗ്യത നേടി.

# ഗുരുവാണി

നന്നാകാൻ ഒരു കേന്ദ്രം അനിവാര്യമാണ് മതതത്വങ്ങൾ ഒരുമയുള്ളതാണെന്നു പറയുന്നു. എന്നാൽ ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യത്യസ്തങ്ങളാണ്. ഒന്നിനെയും നിഷേധിച്ചുകൂടാ. എല്ലാറ്റിനെയും ബഹുമാനിച്ചാലേ ഒരോന്നിന്റെയും അന്തസ്സത്ത മനസ്സിലാക്കാൻ കഴിയൂ. വിവിധങ്ങളായ മതതത്വങ്ങളുടെ സത്ത ഒന്നു തന്നെ. ഇതെന്റെ അനുഭവ ജീവിതം കൊണ്ട് സംശയരഹിതമായി ഞാൻ പഠിച്ചതാണ്. ചിലർ ക്ഷേത്ര സമ്പ്രദായത്തെ നിഷേധിക്കുന്നു. നിഷേധിക്കാം. നമ്മളും അങ്ങനെ ചെയ്യുന്നുണ്ടല്ലോ. അന്ധമായ നിഷേധം ഗുണത്തെക്കാളേറെ ദോഷം ചെയ്യും. നിഷേധിക്കുന്നത് കാര്യകാരണ വിവേചനത്തോടെയായിരിക്കണം. മതതത്വങ്ങളിലെ ശാസ്ത്ര ബോധങ്ങളെ, സത്തകളെ സമാഹരിച്ച് സംക്ഷേപിച്ചുകൊണ്ടായിരിക്കണം. ചാർവാക മഹർഷി വേദോപാദിഷ്ടങ്ങളായ പലതിനെയും യുക്തികൊണ്ടു നിരാകരിച്ചു. സ്വയം അനുഭവിച്ചറിഞ്ഞ് നിരീക്ഷിച്ചു പരീക്ഷിക്കലാണ് വിജ്ഞാനപരിശോധനയ്ക്കുതകുന്ന മാർഗങ്ങൾ എന്നു പറഞ്ഞതുകൊണ്ടായില്ല. പരിശോധന ചെയ്തറിഞ്ഞ സത്തകളെ സമാഹരിച്ച്, സംഗ്രഹിച്ച്, കർമ്മത്തിലൂടെ സംസ്ഥാപനം ചെയ്യണം.

ഹൈന്ദവ മതസംഹിത അഥവാ സംസ്കാരം വളരെ വലുതാണ്. ഇന്ത്യയിലെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും എന്നല്ല മിക്കവാറും എല്ലാ മതവിഭാഗങ്ങളും ഹിന്ദുമതത്തിൽ നിന്ന് പിരിഞ്ഞവരാണ്. അതിൽ നിന്നേല്ക്കേണ്ടിവന്ന അവശതയുടെ കൂടുതൽ കൊണ്ട് അവർ പിരിഞ്ഞുപോയി. അതായത് ഹിന്ദുമതത്തിന് എവിടെയോ പിശകുപറ്റി. പക്ഷേ ഹിന്ദുമതത്തിന് പറ്റിയ പിശക് ദൈവനിശ്ചയമാണ്. ഇത് അറിയാവുന്നവർ വളരെ കുറച്ചേ ഉള്ളൂ. പക്ഷേ അറിയാവുന്നവർ പോലും വാശിയോടെ പ്രവർത്തിക്കുന്നില്ല.

വർണാശ്രമധർമ്മത്തെപ്പറ്റി നമുക്ക് അറിവുള്ളതാണല്ലോ.ലോകമുണ്ടായ കാലം മുതൽ കാലത്തിനനുസരിച്ചുതന്നെ നമുക്കു മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തെ പ്രത്യക്ഷത്തിൽ കണ്ട് പ്രാർത്ഥിക്കാൻ കഴിയുന്ന ദേവന്മാരെപ്പോലുള്ളവരായിരുന്നു സത്യയുഗത്തിലെ മനുഷ്യർ. സത്യയുഗം കഴിഞ്ഞപ്പോൾ കാലവും മാറി. ചതുർയുഗങ്ങളും മന്വന്തരങ്ങളും എത്ര കഴിഞ്ഞിരിക്കുന്നു. ഒരു മന്വന്തരം എഴുപത്തൊന്നു ചതുർയുഗം. ഇതുവച്ചു നോക്കുമ്പോൾ ഒരു മനുഷ്യന്റെ കാലം എത്രയോ നിസ്സാരം. ഈ നിസ്സാരമായ കാലയളവിനുള്ളിൽ വളരെ ചെറിയ ഒരറിവേ നമുക്കു സമ്പാദിക്കാൻ കഴിയൂ.

മനുഷ്യന്റെ കാലം വളരെ ചെറുതാണെങ്കിലും അത്രയും കാലം കൊണ്ട്, വർണാശ്രമധർമ്മം കൊണ്ടുവന്ന കെടുതിയെങ്കിലും നമുക്കറിയാൻ കഴിയണം. വർണാശ്രമധർമ്മത്തിൽ ശൂദ്രന് സ്ഥാനമില്ല. പക്ഷേ ഏതു ഗൃഹത്തിലുമുണ്ട് ശൂദ്രൻ. അതു നിഷേധിച്ചിട്ട് കാര്യമില്ല. അവൻ എല്ലാവർക്കും വേണ്ടി നിഷ്കളങ്കനായി ജോലി ചെയ്തു. അവന്റെ നിഷ്കളങ്കതയ്ക്കുള്ള പ്രതിഫലം ഈശ്വരൻ വച്ചിട്ടുള്ളതെന്താണെന്ന് ബ്രാഹ്മണന് അറിയാമായിരുന്നു - അവന് കലിയുടെ അവകാശം, ഭരണാധികാരം. അതുകൊണ്ട് അവന് പടനായകത്വം വരെ കൊടുത്തു. രാജാക്കന്മാരുടെ ദ്വന്ദ് കാരണം ശൂദ്രന് അടിയിൽ നിന്നൊഴിയാൻ കഴിഞ്ഞില്ല. അടിച്ച് പാപശക്തി മുഴുവൻ അവന്റെ തലയിലാക്കി. ശൂദ്രൻ രാജാവാകുന്നതുപോലും ബ്രാഹ്മണന്റെ ചിട്ടപ്രകാരം. സ്വർണ്ണപ്പശുവിന്റെ വയറ്റിനടിയിൽക്കൂടി കടത്തിവിട്ട്, നൂൽ കെട്ടി ബ്രാഹ്മണ പദവിയിലേക്കുയർത്തപ്പെടുന്ന രാജാവിനുപോലും വേദം വിധിച്ചിട്ടില്ല. മുറജപം മാത്രമേ കേൾക്കാൻ കഴിഞ്ഞിട്ടുള്ളൂ. അങ്ങനെയുള്ള രാജാവിന്റെ പ്രജയ്ക്ക് വേദം കേൾക്കാൻ കഴിയുമോ? വർണാശ്രമധർമ്മത്തിൽ ശൂദ്രനെപ്പിടിച്ചു രാജാവാക്കി. പക്ഷേ, അവന് അറിവില്ല. ഈ അറിവില്ലാത്ത രാജാവ് പ്രത്യക്ഷദൈവതമത്രേ! അങ്ങനെ ജനങ്ങൾ അറിവില്ലാത്തവരായി കെട്ടുപോയി. ഇതിനെ മാറ്റം ചെയ്യാനായി ബുദ്ധൻ വന്നു. അതിനുമുമ്പ്, കലിയുടെ ആരംഭത്തിൽ കൃഷ്ണൻ വന്നു. നിലവിലിരുന്ന സകലതിനെയും എതിർത്തു. സംഭവാമി യുഗേ യുഗേ എന്നു പറഞ്ഞു.

## വചനദീപ്തി

*എല്ലാ ജീവികളുടേയും ഹൃദയത്തിൽ ഉറങ്ങിക്കിടക്കുന്ന*
*ബ്രഹ്മം എന്ന സിംഹത്തെ വിജ്ഞാനപ്രകാശം പ്രസരിപ്പിച്ച്*
*ഉണർത്താനാണ് ലോകത്ത് ഒരു സന്ന്യാസി ജന്മമെടുക്കുന്നത്.*

**സ്വാമി വിവേകാനന്ദൻ**

### പൗർണ്ണമി

2019 ഫെബ്രുവരി 19, ചൊവ്വ

### ജന്മഗൃഹ തീർത്ഥയാത്ര

2019 ഫെബ്രുവരി 24, ഞായർ

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

15.02.2019 – ജനസേവികപുരം
16.02.2019 – പോത്തൻകോട്

### യാമപ്രാർത്ഥന

2019 ഫെബ്രുവരി 14, വ്യാഴം 12.00 am – 03.00 am

## പ്രകാശപഥം

# ഗുരുവിനെ പ്രാർത്ഥിച്ച് ഗുരുവിന്റെ സ്വത്തായി മാറുക

നമുക്കിപ്പോൾ മനസ്സിലോർമയുണ്ട്, ഒരു സങ്കല്പമുണ്ട്, നമ്മുടെ ദോഷവശങ്ങളും നമ്മുടെ കർമത്തിൽപ്പെട്ട ദോഷവശങ്ങളും ദൈവനിശ്ചയമനുസരിച്ച് പറഞ്ഞതും അറിഞ്ഞതും അറിഞ്ഞുകൂടാത്തതുമായ എല്ലാ കാര്യങ്ങളും മാറ്റിയിട്ട് എന്താണോ ഈ ലോകത്തിന് ശാന്തി തരുന്നത് എന്ന ഭാഗത്തേക്കാണ് നമ്മുടെ കാഴ്ച. ഗുരു ബാഹ്യരൂപത്തിൽ ഇരിക്കുകയും നമ്മൾ പ്രാർത്ഥിക്കുമ്പോൾ ചിലർക്ക് പ്രകാശത്തിൽ നിന്നും പ്രകാശരൂപമായി നിൽക്കുന്ന ഗുരുരൂപത്തെ കാണാനാവുന്നതും അവനവന്റെ ഭക്തിക്കും ലയനത്തിനും സാന്ദ്രമായി വരുമ്പോഴുണ്ടാകുന്ന അവസ്ഥയാണ്. ഗുരുവിനെ പല ഭാവനാരൂപത്തിൽ ഭക്തിയിൽ നമ്മൾ കാണും. ആ ഭക്തി നമ്മുടെ ഹൃദയാങ്കണത്തിലേക്ക് ചേർത്തുവെച്ചിട്ട് എന്റെ ഗുരു ഇന്നതാണ്, എന്റെ ഗുരു ഇന്നയിന്ന ജീവിതങ്ങളൊക്കെ നയിച്ചിരുന്നു, നമ്മളെവിടെയൊക്കെയോ പോയി തിരിച്ചു വന്നവരാണ്, ഏതെല്ലാമോ നൂലാമാലകളിൽപ്പെട്ട വാസനകളാൽ ഗുരുവിന്റെ അടുത്തു വന്നു. അങ്ങിനെ ഭാവനകൾ സാക്ഷാത്കരിച്ച് ആത്മീയജീവിതത്തിന്റെ വഴിത്തിരിവിലേക്കു പോവുകയാണ്. ആശ്രമത്തിന്റെ ചിട്ടകളും ക്ഷേത്രത്തിന്റെ ചിട്ടകളും ഇന്നുകാണുന്ന ലോകത്തിന്റെ വ്യാപകമായ കാര്യങ്ങളും നമുക്കറിയാതെയിരിക്കും. മറിച്ച് നമ്മൾ കർമങ്ങളഴിച്ച് തിരിച്ചുപോകുന്ന ഒരു രംഗമുണ്ട്.

അടിസ്ഥാനപരമായ ഗുരുവിന്റെ സന്ദേശം എന്താണ്? കലിയുഗത്തിന്റെ സനാതന സ്വഭാവത്തിന്റെ അടിസ്ഥാനമായ കാര്യങ്ങളെന്താണ്? എന്താണിതിന്റെ അർത്ഥം? ഗുരു ആരാണ്? ഗുരുവിനെ എന്തിനുവേണ്ടി ബ്രഹ്മം കൊണ്ടുവന്നു? എങ്ങനെയാണ് ഗുരുവിനെ കൊണ്ടുവന്നിരിക്കുന്നത്? ഈ ജന്മത്തിൽ ഗുരു ആരാണ്? എന്താണ്? എന്താണ് നമ്മളുമായി പങ്കുവെച്ച രംഗങ്ങൾ? ഒരു നിമിഷമെങ്കിലും ഒരു നേരമെങ്കിലും ഓർമ്മിക്കാത്തവരായി ആരും കാണില്ല. സങ്കല്പത്തിന്റെ ഫലം മറ്റൊന്നാണ്. ഗുരുസ്നേഹത്തിന്റെ വലിപ്പത്തിൽ നമ്മളൊരുമിച്ചിരുന്നു സങ്കല്പം ചൊല്ലുന്നു. ഇന്നു കൊണ്ട് നമ്മുടെ ഈ സങ്കല്പം നിർത്തിയെന്ന് വിചാരിക്കരുത്. ഇനിയും ശക്തിയായി സങ്കല്പം ചെയ്യണം. അത് ഗുരു അറിയിക്കുന്നതുപോലെ ചെയ്യണം. അങ്ങനെ ചെയ്തിട്ട് എന്താണ് ഓരോരുത്തർക്കുമുള്ള അനുഭവം? ആ അനുഭവരംഗത്ത് ചില ഗൃഹസ്ഥാശ്രമികൾക്കും, ചില വ്യക്തികൾക്കും (ദൂരെനിന്ന് വന്നവർക്കായാലും ഇവിടെ അടുത്തുള്ളവർക്കായാലും ആദ്യമായിട്ട് വന്ന ഒരു വ്യക്തിയായാലും) അവന്റെ ജീവിതപുണ്യം കൊണ്ടും അവന്റെ ആത്മസാക്ഷാത്ക്കാരസ്വഭാവത്തിൽ എവിടെയോ ഗുരു നിന്നു പ്രവർത്തിക്കുന്ന രംഗങ്ങൾ കാണാൻ കഴിയും. ഇതു നമ്മൾ മനസ്സിലാക്കിയിട്ട് സങ്കല്പം മനസ്സിലോർമ്മിച്ച് ശക്തമായിട്ടു ചെയ്യണം. സങ്കല്പത്തിന്റെ രീതി മറ്റൊരു രീതിയാണ്. അത് അർത്ഥമായിട്ടു പറയാൻ കഴിയുകയില്ല. അതുകൊണ്ട് അത് മനസ്സിനകത്ത് വിചാരിച്ചിട്ട് എന്റെ ദോഷവശങ്ങൾ മാറണം. എനിക്കെന്ത് നന്മയാണോ കിട്ടേണ്ടത് അത് കിട്ടേണ്ട സ്ഥാനത്ത് കിട്ടണം. എന്റെ ഗുരുവേ, അപ്പാ, ദൈവമേ, പരബ്രഹ്മമേ....

നമ്മുടെ മനസ്സിന്റെ ഏറ്റവും വലിയ ദുഷിച്ച സ്വഭാവം മാറണം. നമ്മൾ ഗുരുവിലേക്ക് ലയിക്കുന്ന വശം ചെയ്തെടുക്കാൻ നോക്കണം. സകല ഗുലുമാലുകളും അടക്കപ്പെട്ടതാണ് നമ്മുടെ ഈ ശരീരവും ജീവനും. നന്മകളും തിന്മകളും ചിലപ്പോൾ കാണുമായിരിക്കാം. പക്ഷെ ആ നന്മയെ ഉയർത്താൻ നമുക്കു കഴിയണം.അങ്ങനെയുള്ള ഭാവനയിൽ ഞാൻ നല്ലതേ ചെയ്യൂ, നല്ലതേ പ്രവർത്തിക്കൂ എന്ന വഴിയിലും സങ്കല്പത്തിലും ഗുരുവിന്റെ സ്വന്തം മക്കളാകാൻ നാം ശ്രമിക്കണം. അല്ലാതെ 'ഗുരുവിനെ പ്രാർത്ഥിച്ചിട്ട് അന്യന്റെ സ്വത്താകാൻ' നാം ഒരിക്കലും ശ്രമിക്കരുത്.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# മനസ്സും വാക്കും പ്രവൃത്തിയും

കാര്യകാരണബന്ധം പോലെയോ, ഗതാനുഗതികത്വംപോലെയോ ഉള്ള പരസ്പരബന്ധം മനസ്സിനും നാവിനും കരത്തിനും ഉണ്ട്. ചിന്തിക്കുക, പറയുക, പ്രവർത്തിക്കുക എന്നീ ക്രമത്തിൽ അതു പൂർവാപരബന്ധപരമായ അനുസ്യൂതിയിലെ പ്രബല ബിന്ദുക്കളായി വർത്തിക്കുന്നു. തെറ്റുകുറ്റങ്ങൾക്ക് അതീതമായി ഈ അനുസ്യൂതിയെ മാതൃകാപരമായി സംരക്ഷിക്കണമെങ്കിൽ സത്യസന്ധത എന്ന ശ്രേഷ്ഠഗുണം കൂടിയേ കഴിയൂ. ഇത് ഒരു നിയാമക തത്വമെന്ന നിലയിൽ നന്മയുടെ വഴിയിലൂടെ സഞ്ചരിച്ച മനുഷ്യർ മനസ്സിലാക്കിയിരുന്നു.

സമൂഹത്തിന്റെ ഘടനാപരമായ ദാർഢ്യവും കാര്യം കാണാത്ത കൗശലവും മാന്യതയും ചേർത്തു തല്ലിക്കൂട്ടിയ സമവാക്യങ്ങൾ രാഷ്ട്രീയ സാമൂഹ്യവ്യാപാരതന്ത്രങ്ങളായപ്പോൾ സ്വാർത്ഥതയുടെ നീതിശാസ്ത്രങ്ങൾ മഹത്വപ്പെടുന്ന രീതിയാണുണ്ടായത്. ഇതു മൂല്യച്യുതിക്കു കാരണമാവുകയും ചെയ്തു. സാംസ്കാരിക രംഗത്തു കോട്ടങ്ങൾ സംഭവിച്ചാലും വേണ്ടില്ല, രാഷ്ട്രീയ ഭൗതികരംഗങ്ങളിൽ നേട്ടം കൊയ്യാനാവുമെങ്കിൽ അതാണ് അഭിലഷണീയം എന്ന സ്വാർത്ഥതയുടെ ആധുനിക കുടിലനീതിയെ എതിർക്കാൻ മടിക്കുന്നവരാണ് അധികം പേരും. അങ്ങനെ പല രംഗങ്ങളിലും ആവശ്യമില്ലാത്തതെന്നു മാത്രമല്ല, അസൗകര്യപ്രദവുമാണ്.

സത്യസന്ധതയെന്ന തിരിച്ചറിവ് സ്വാർത്ഥതയുമായി ചങ്ങാത്തം ഉറപ്പിച്ചപ്പോൾ അധികാരത്തിന്റെ ലഹരിക്കുകീഴ്പ്പെട്ട മനസ്സുകളിൽ യാഥാർത്ഥബോധം വിളങ്ങാതെയായി. മലിനജലത്തിൽ കുളിച്ചുനിൽക്കുന്നവർ ശുചിത്വത്തെക്കുറിച്ചു ഘോരഘോരം പ്രസംഗിക്കുമ്പോലെ അഴിമതിക്കാർ ആദർശധീരതയെക്കുറിച്ചു പ്രസംഗിക്കാൻ വേദികൾ കണ്ടെത്തുന്നു. പ്രകടനപരതയും ആദർശരാഹിത്യവും കണ്ടാൽ ജനങ്ങൾക്കു മനസ്സിലാകും എന്ന് ബുദ്ധിയുള്ളവർ മനസ്സിലാക്കും. സന്മാർഗ്ഗജീവിതം എന്നതു കേവലം സാങ്കല്പികമായ നന്മയല്ല. യാഥാർത്ഥ്യത്തിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒന്നാണത്.

സാമ്പത്തികശാസ്ത്രം, സാമൂഹ്യശാസ്ത്രം ഇവയൊക്കെ ധർമ്മനീതിശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തി കാണുക എന്നത് ആദർശനിഷ്ഠരുടെ ചിന്താപരമായ ഒരു ദൗർബല്യം മാത്രമാണെന്നു കരുതാൻ ജനസാമാന്യത്തിനുപോലും മടിയില്ലെന്നുവന്നാലത്തെ സ്ഥിതി എന്തായിരിക്കും? സ്വകാര്യമാത്രപ്രവണമായ ജീവിതായോധനത്തിനിടയിൽ, മത്സരങ്ങളിലും റാങ്കുനേടലുകളിലും മാത്രം ഉന്നം വച്ച് ഓടുന്ന കർമ്മരംഗങ്ങളിൽ, അന്യം നിന്നുപോയ സദ്ഭാവനകൾ ഗതകാല നന്മകളുടെ സ്മാരകശിലകളായി സൂക്ഷിക്കപ്പെടുന്നു! ജനജീവിതത്തിനു ദൃശ്യബോധം നഷ്ടപ്പെട്ടിരിക്കുന്നതിനു തെളിവു മറ്റെന്തു വേണം? ശരിയായ ദിശാബോധം നൽകാനുള്ള വ്യവസ്ഥ ലഭ്യമല്ല എന്നുള്ളതല്ല കാരണം. അതു കണ്ടെത്താനുള്ള അന്വേഷണത്വരതയുടെ അഭാവമാണു പ്രശ്നം. നന്മയോടുള്ള ആഭിമുഖ്യം വിനയവുമായി സമ്മേളിക്കുമ്പോൾ സത്യനിഷ്ഠവും സ്നേഹാർദ്രവുമായ മനുഷ്യഭാവന സത്യമാർഗത്തിൽ സഞ്ചരിക്കാനുള്ള അർഹത നേടും.

# ഭാരതീയ വേദചിന്ത ലോകത്തിന് വെളിച്ചം പകർന്നു: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി



ചെറുകോൽപ്പുഴ ഹിന്ദുമതപരിഷത്ത് ഉപനിഷത്ദർശന സമ്മേളനം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

**ചെറുകോൽപ്പുഴ:** ഭാരതീയ വിചാരധാരയുടെ അന്തഃസത്ത മനസ്സിലാക്കി അതുൾക്കൊള്ളാനും പ്രചരിപ്പിക്കാനും നമുക്ക് കഴിയാതെപോയതാണ് വേദോപനിഷത്തുകളുടെ സ്വാധീനത്തിന് അപചയം ഉണ്ടാക്കിയതെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അഭിപ്രായപ്പെട്ടു. 107–ാമത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന്റെ നാലാം ദിവസം നടന്ന ഉപനിഷത്ദർശന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്വാമി. കഴിഞ്ഞ കാലഘട്ടത്തിൽ ഭാരതത്തിൽ നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ ഭാഗമായ വേദോപനിഷത്തുകളും ആത്മീയപ്രാമാണിക ഗ്രന്ഥങ്ങളും പണ്ഡിതവരേണ്യ വർഗ്ഗത്തിനു മാത്രം പ്രാപ്യമായിരുന്നതും സാധാരണക്കാരിലേക്ക് പകർന്ന് കൊടുക്കാതിരുന്നതുമാണ് അപചയകാരണം. ചരിത്രസംഗീതകാരൻ ഹിന്നാൻ പേർഷ്യൻ ഫ്രഞ്ച് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയതിലൂടെ ലോകത്തിൽ ഉപനിഷത് ദർശനം പരിചയപ്പെടാൻ കഴിഞ്ഞു. മാക്സ് മുള്ളറെപ്പോലെയുള്ള വൈദേശിക ദാർശനികർ ഭാരതീയ ആദ്ധ്യാത്മിക തത്വസംഹിതകളെ ഉൾക്കൊള്ളുവാനും വിദേശ ഭാഷകളിലേക്ക് പരിവർത്തനം ചെയ്യുവാനും പരിശ്രമിച്ചു. അതുവഴി ലോകസാംസ്കാരിക മേഖലയിൽ ഭാരതത്തിന് പങ്കുനേടാൻ കഴിഞ്ഞിട്ടുണ്ട്. ആദ്ധ്യാത്മികതയുടെ പൊതുധാരയിൽ നിന്നും സാധാരണക്കാരെ മാറ്റിനിർത്തുകയും ഭാരതീയ തത്വസംഹിതകൾ വേദഭാഷയായ സംസ്കൃതത്തിൽ മാത്രമായിരിക്കുകയും ചെയ്തതോടെ അടിസ്ഥാനവിഭാഗങ്ങൾക്ക് ഉപനിഷത്തുകൾ അപ്രാപ്യമായി.

ജീവിതവിജയത്തിനുതകുന്ന മണ്ഡലങ്ങളെപ്പറ്റി ഉപനിഷത്തുക്കളിൽ നിന്നും മനസ്സിലാക്കി ജീവിക്കുവാൻ നമുക്ക് കഴിയണം. ലോകത്തെ സകല ചരാചരങ്ങൾക്കും നിർഭയമായി ജീവിക്കുവാനുള്ള സാഹചര്യം നമ്മുടെ സംസ്കാരത്തിൽ പറഞ്ഞിട്ടുണ്ട്. ലോകത്ത് ഏറ്റവും മധുരമുള്ള വസ്തു നല്ല വാക്കാണ്. അതുകൊണ്ടുതന്നെ ഭാരതീയ ഋഷീശ്വരന്മാർ സത്സംഗത്തിനും സത്ഭാഷണങ്ങൾക്കും പ്രത്യേകം സ്ഥാനം നൽകിയിരുന്നു. ബഹുസ്വരതകളുടെ ഒത്തുചേരലാണ് ഭാരതീയ സംസ്കാരം. ആത്മീയത, ആചാരാനുഷ്ഠാനം എന്നിവയെപ്പറ്റി ആരോഗ്യപരമായ ചർച്ചകളുണ്ടാവണം.ആചാരാനുഷ്ഠാനങ്ങളെപ്പറ്റി സാമൂഹ്യ മാധ്യമത്തിലും കോടതികൾ വരെയും ചർച്ച നടക്കുന്ന വർത്തമാനകാലഘട്ടത്തിൽ ഭാരതീയ സംസ്കൃതിയുടെ അടിസ്ഥാനഘടകങ്ങൾ സാധാരണക്കാരിലേക്ക് പകർന്ന് കൊടുക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സ്വാമി സൂചിപ്പിച്ചു. ചടങ്ങിൽ സ്വാമിനി ദേവി ജ്ഞാനാഭനിഷ്ഠ അദ്ധ്യക്ഷയായിരുന്നു. ഡോ എം.എം. ഉണ്ണിക്യഷ്ണൻ, പ്രൊഫ.വി.ടി.രമ, അഡ്വ.കെ.ഹരിദാസ്, ജി.രാജ്കുമാർ എന്നിവർ സംബന്ധിച്ചു.

# തീർത്ഥയാത്ര വാർഷികം ഫെബ്രുവരി 13ന്

**നെയ്യാറ്റിൻകര:** ഗുരുവിന്റെ പാദസ്പർശം കൊണ്ട് നെയ്യാറ്റിൻകര പ്രദേശം അനുഗ്രഹീതമായതിന്റെ വാർഷികാഘോഷം ഫെബ്രുവരി 13ന് തീർത്ഥയാത്ര വാർഷികമായി ആഘോഷിക്കും. പൂജിതപീഠം സമർപ്പണം ഏറിയ സമ്മേളനവും ഇതോടനുബന്ധിച്ച് നടക്കും. ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ചിൽ നിന്ന് രാവിലെ 6 മണിയുടെ ആരാധനയ്ക്ക് ശേഷം തീർത്ഥയാത്രയായി പുറപ്പെടുന്ന സംഘം ത്രിവേണി സംഗമത്തിൽ ഗുരു പ്രഭാഷണം നടത്തിയ സ്ഥലത്ത് പ്രാർത്ഥനയും സങ്കൽപ്പവും നടത്തി 9.30ന് ഗുരു വിശ്രമിച്ച അയിരഹർഷനിവാസിൽ എത്തിച്ചേരും.

രാവിലെ 10 മണിക്ക് ഉദിയൻകുളങ്ങര പൂർണ്ണ കല്യാണമണ്ഡപത്തിൽ തീർത്ഥയാത്രക്ക് സ്വീകരണം നൽകും. സ്വീകരണ സമ്മേളനത്തിൽ വി.എസ്.ശിവകുമാർ എം.എൽ.എ., കെ. ആൻസലൻ എം.എൽ.എ., സി.കെ.ഹരീന്ദ്രൻ എം.എൽ.എ., സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ജനനി അഭയ ജ്ഞാനതപസ്വി, സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി, സ്വാമി മുക്തചിത്തൻ ജ്ഞാനതപസ്വി, മലങ്കര കാത്തലിക് ചർച്ച് പാറശാല രൂപത ബിഷപ്പ് ഡോ. തോമസ് മാർ യൗസേബിയസ്, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ഡബ്ല്യൂ. ആർ.ഹീബ, ബി.ജെ.പി. ജില്ലാ പ്രസിഡണ്ട് അഡ്വ.എസ്.സുരേഷ് തുടങ്ങിയവർ പങ്കെടുക്കും. തീർത്ഥയാത്ര വൈകുന്നേരം 5 മണിക്ക് ആശ്രമത്തിൽ എത്തിച്ചേരും.



ശാന്തിഗിരി ആശ്രമം വള്ള്യായി ബ്രാഞ്ച് ദർശനമന്ദിര സമർപ്പണ വാർഷിക സമ്മേളനത്തിൽ നിന്ന്

# 'ആത്മീയസംതൃപ്തം ഈ താമരപർണ്ണശാല'

**സ്പിരിച്ചൽസോൺ:** ശാന്തിഗിരി ആശ്രമത്തിലെ താമരപർണ്ണശാലയുടെ ദർശനവും സാമീപ്യവും ആത്മീയ സംതൃപ്തി നൽകിയെന്ന് വെൺചേമ്പ് ഗവ. എൽ.പി.എസ് സംഘം. സ്കൂളിൽ നിന്നും കുട്ടികളും ടീച്ചർമാരും രക്ഷാകർത്താക്കളുമടങ്ങിയ 50 അംഗ സംഘം കഴിഞ്ഞ ദിവസം താമരപർണ്ണശാല സന്ദർശിച്ചിരുന്നു. വിവിധ മതവിഭാഗത്തിൽ പെട്ടവരാണ് സംഘത്തിലുണ്ടായിരുന്നത്. 'ജാതിമത വർണ്ണവർഗവ്യത്യാസമില്ലാതെ ശുദ്ധിയുള്ള ആർക്കും ദർശനം നടത്താൻ കഴിയുന്ന ഇടം. പ്രാർത്ഥനാമണ്ഡപത്തിൽ കയറിയപ്പോൾ ഒരു തരം പ്രത്യേക അനുഭൂതിയാണുണ്ടായത്. ദൈവസന്നിധിയിലെത്തിയ അനുഭവം. ഇനിയും വരണം. ഒറ്റക്ക് വന്ന് ഇവിടെ ഒരു ദിവസം ചെലവിടണം. ശാന്തിഗിരിയുടെ ശാന്തി അനുഭവിക്കണം'. സംഘത്തെ നയിച്ച ടി.ഷൈലജ ടീച്ചർ പറയുന്നു.

# ധീരജവാന് ആദരവൊരുക്കി ശാന്തിഗിരി വിദ്യാഭവൻ



ധീരജവാൻ പി.വി.മനേഷിനെ പന്ന്യൻ രവീന്ദ്രൻ ആദരിക്കുന്നു

**എജ്യൂക്കേഷൻ സോൺ:** രാജ്യം ശൗര്യചക്ര നൽകി ആദരിച്ച ധീരജവാൻ എൻ.എസ്.ജി. കമാൻഡോ പി.വി.മനേഷിന് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ ആദരവ് നൽകി. ഇതോടനുബന്ധിച്ച് നടന്ന സമ്മേളനം മുൻ എം.പി. പന്ന്യൻ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. മനേഷിനുള്ള ഉപഹാരം അദ്ദേഹം നൽകി. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി മനേഷിനെ പൊന്നാടയണിയിച്ച് ആദരിച്ചു.'സ്വന്തം ജന്മനാടിനുവേണ്ടി സേവനം ചെയ്യാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട്, എല്ലാ സൈനികരും മതേതരത്വം കാത്ത് സൂക്ഷിക്കുന്നവരാണ്, അതാണ് നമ്മുടെ രാജ്യത്തിന്റെ വിജയം' മറുപടി പ്രസംഗത്തിൽ മനേഷ് പറഞ്ഞു. കുന്നത്തൂർ ജെ. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ മുഹമ്മദ് ഉബൈദ്, എം.പി.പ്രമോദ്, കവയിത്രി ബിയാട്രിസ് ഗോമസ്, എം. റസീഫ് എന്നിവർ ആശംസ അർപ്പിച്ചു. റസൽസബർമതി സ്വാഗതവും ബിന്ദു നന്ദന കൃതജ്ഞതയും രേഖപ്പെടുത്തി.

## ശുചീകരണം

**ആനന്ദപുരം:** ഇന്ന് വൈകുന്നേരം 4 മണിമുതൽ ഗേറ്റ് നമ്പർ 2 മുതൽ എൽ.ഐ.ജി. വരെയുള്ള റോഡും പരിസരവും ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ആനന്ദപുരം യൂണിറ്റിന്റെ നേതൃത്വത്തിൽ ശുചീകരിക്കും.

## ദിവംഗതനായി

**സ്നേഹപുരം:** രാമക്കൽമേട് ബിനുഭവനത്തിൽ എൻ. രാമചന്ദ്രൻ പിള്ള (75) ഫെബ്രുവരി 8ന് ദിവംഗതനായി. സംസ്കാരം നടന്നു. വേളാവൂരിൽ താമസിച്ചുവരികയായിരുന്നു. റിട്ട. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥനാണ്. ഭാര്യ: എൻ. രമണി ദേവി. മക്കൾ: ബിനുകുമാർ സി.ആർ. (മാനേജർ, ശാന്തിഗിരി ഹെൽത്ത്കെയർ പ്രോഡക്ട്സ്), ബിന്ദുറാം, ബിജുകുമാർ സി.ആർ. (അദ്ധ്യാപകൻ, ശാന്തിഗിരി വിദ്യാഭവൻ) മരുമക്കൾ: ലക്ഷ്മി പി. നായർ, ജയകുമാർ ബി., സുനിത നായർ എ.എസ്.



എൻ.രാമചന്ദ്രൻ പിള്ള

# പൂജിതപീഠം സമർപ്പണം നെടുമങ്ങാട് ഏരിയ സമ്മേളനം ഫെബ്രുവരി 12ന്

**നെടുമങ്ങാട്:** പൂജിതപീഠം സമർപ്പണം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഫെബ്രുവരി 12ന് നെടുമങ്ങാട് ഏരിയ സമ്മേളനം നടക്കും. നെടുമങ്ങാട് ടൗൺഹാളിൽ വൈകുന്നേരം 5 മണിക്ക് നടക്കുന്ന സമ്മേളനം തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. സി.ദിവാകരൻ എം.എൽ.എ. അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മഹനീയ സാന്നിധ്യം വഹിക്കും. അനിൽ ചേർത്തല രചിച്ച് വിൻകോ ബുക്സ് പ്രസിദ്ധീകരിക്കുന്ന 'ശാന്തിഗിരി ആശ്രമം വഴിയും പൊരുളും' പുസ്തകത്തിന്റെ പ്രകാശനം ഡോ.ജോർജ്ജ് ഓണക്കൂറിന് നൽകി മന്ത്രി നിർവ്വഹിക്കും.

സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, നെടുമങ്ങാട് മുൻസിപ്പൽ ചെയർമാൻ ചെറ്റച്ചൽ സഹദേവൻ, മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, ബി.ജെ.പി.സംസ്ഥാന സെക്രട്ടറി അഡ്വ. ജെ.ആർ.പത്മകുമാർ, ഗുരുവായൂർ ദേവസ്വം ബോർഡ് മെമ്പർ ഉഴമലക്കൽ വേണുഗോപാൽ, നെടുമങ്ങാട് ടൗൺ മസ്ജിദ് ചീഫ് ഇമാം ജനാബ് ആദിബ് മൗലവി അൽ ഹാദി, വെള്ളൂർക്കോണം മലങ്കര കാത്തോലിക് ചർച്ച് ഫാദർ അരുൺ ഏറത്ത് തുടങ്ങിയവർ പങ്കെടുക്കും. പന്തളം ബാലൻ, അനിൽ ചേർത്തല, ഗിരീഷ് നാരായണൻ, മഞ്ചയിൽ വിക്രമൻ, എസ്.പി.പ്രസൂദ് തുടങ്ങിയവരെ ആദരിക്കും. ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് സമ്മാനം നൽകും.വൈകുന്നേരം 4 മണിമുതൽ നിഴൽ സാംസ്കാരികവേദിയുടെ കലാകാരൻമാർ അവതരിപ്പിക്കുന്ന സംഗീതനിശയും ഉണ്ടായിരിക്കും.

പൂജിതപീഠം സമർപ്പണം കൊല്ലം ഏരിയ സമ്മേളനം ഇന്ന് നടക്കും. കൊല്ലം എസ്.എൻ.വി. സദനം ലൈബ്രറി ഹാളിൽ രാവിലെ 10 മണിക്ക് നടക്കുന്ന സമ്മേളനം എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം ചെയ്യും. കൊല്ലം മേയർ അഡ്വ.വി.രാജേന്ദ്രബാബു അദ്ധ്യക്ഷത വഹിക്കും. സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി, ഡോ.കെ.എൻ. ശ്യാംപ്രസാദ്, മുരളി ശ്രീധർ, ഡോ.എസ്.എസ്. ഉണ്ണി, പ്രേം ഉഷാർ തുടങ്ങിയവർ സംബന്ധിക്കും.

പൂജിതപീഠം സമർപ്പണം എറണാകുളം ഏരിയ (സിറ്റി) സമ്മേളനവും ഇന്ന് നടക്കും. രാവിലെ 10 മണിക്ക് ശാന്തിഗിരി ആശ്രമം പാലാരിവട്ടം ബ്രാഞ്ചിൽ നടക്കുന്ന സമ്മേളനം വി.ഡി.സതീശൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കാലടി സർവ്വകലാശാല മുൻ വൈസ്ചാൻസലർ ഡോ.എം.സി.ദിലീപ് കുമാർ വിശിഷ്ടാതിഥിയായി പങ്കെടുക്കും. ജനനി വിജയ ജ്ഞാനതപസ്വിനി, തമ്മനം സെന്റ്.ജൂഡ് ചർച്ച് വികാരി ഫാ.സെബാസ്റ്റ്യൻ ഊരക്കാടൻ, പൊന്നുരുന്നി ജുമാ മസ്ജിദ് ഇമാം ജനാബ് കുഞ്ഞുമുഹമ്മദ് മൗലവി തുടങ്ങിയവർ പങ്കെടുക്കും. സാമൂഹ്യ പ്രവർത്തക മേരി അനിത, പ്രളയ ദുരിതാശ്വാസപ്രവർത്തകരായ പി.ആർ.സജീവൻ, എ.എസ്. ശിവൻ, പി.ടി. ചിന്നപ്പൻ തുടങ്ങിയവരെ ആദരിക്കും.



ഗുരുചരണം ശരണം

ഗുരുകാരുണ്യത്തിന്റെ
നിറവിൽ
ഫെബ്രുവരി 9 ന്
ജന്മദിനം ആഘോഷിച്ച
ദർശിൽ ഭട്ടിനും
ഇന്ന് 41-ാം വിവാഹവാർഷികം
ആഘോഷിക്കുന്ന
അനിൽകുമാർ ഭട്ടിനും
രഞ്ചൻ ഭട്ടിനും
ആശംസകൾ

# ആയുഷ് കോൺക്ലേവിൽ ശാന്തിഗിരിയും

**തിരുവനന്തപുരം:** ഫെബ്രുവരി 15 മുതൽ 18 വരെ തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന പ്രഥമ 'ഇന്റർനാഷണൽ ആയുഷ് കോൺക്ലേവ് കേരള' യിൽ പങ്കാളിത്തവുമായി ശാന്തിഗിരിയും. കോൺക്ലേവിന്റെ ഭാഗമായി ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ, ശാന്തിഗിരി മാർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്, ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ പവലിയനുകളും സ്റ്റാളുകളും ഒരുക്കും. 'പൊതുജനാരോഗ്യത്തിന് സിദ്ധ'എന്ന പ്രമേയത്തെ മുൻനിർത്തി ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് സ്റ്റാളൊരുക്കും.



*ശാന്തിഗിരി ഫ്യൂവൽസ് നവീകരണപ്രവർത്തനങ്ങൾക്ക് സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയുടെയും സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വിയുടെയും സാന്നിദ്ധ്യത്തിൽ തുടക്കം കുറിക്കുന്നു.*



*കരുണപുരം യൂണിറ്റിൽ വിജു ജി- ജയശ്രീ സി.ജെ ദമ്പതിമാർ പുതുക്കിപ്പണിത 'കരുണ' ഭവനം*

## ദേശീയ ബഹിരാകാശശാസ്ത്ര മത്സര വിജയികൾ



*ശാന്തിപുഷ്പം യു*



*നല്ലചിത്തൻ ജി*



*ശാന്തിദത്ത ബി*



*ആര്യ എസ്.*



*പ്രണവ് പ്രദീപ്,*



*ശാന്തം യു*



*കമലം എം.വി*



*മൈഥിലി ഡി.എസ്.*



*സൗപർണ്ണിക എച്ച്.എസ്*

# കുക്കിംഗ് ഗ്യാസ്

**എജ്യൂക്കേഷൻ സോൺ:** കുക്കിംഗ് ഗ്യാസ് ബുക്കിംഗ് സൗകര്യം മാത്രമാണ് ഗൃഹസ്ഥാശ്രമസംഘം ഓഫീസിൽ നിന്നും നിർത്തിയിരിക്കുന്നതെന്നും ഗ്യാസ് വിതരണത്തിന് യാതൊരുവിധ തടസ്സങ്ങളില്ലെന്നും ഓഫീസ് ചുമതലക്കാർ അറിയിച്ചു. ഗ്യാസ് ബുക്കിംഗിനായി 99610 23456 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്




## ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala